പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 4909 26.06.2019-ലെ മറുപടിക്ക്

## കെ .ടി .ഡി .എഫ്. സി. യുടെ ലാഭം

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.ഐ.ബി. സതീഷ് | | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |
| (എ) | കെ.എസ്.ആർ.ടി.സി. നിലവിൽ എത്ര രൂപ കെ.റ്റി.ഡി.എഫ്.സി. യിൽ നിന്നും ലോൺ ഇനത്തിൽ എടുത്തിട്ടുണ്ട്; | (എ) യും (ബി) യും | കെ.ടി.ഡി.എഫ്.സി.യുടെ കണക്ക്പ്രകാരം സ്ഥാപനം ആരംഭിച്ച വർഷം മുതൽ 2019 മേയ് 31 വരെ പ്രസ്തുത സ്ഥാപനത്തിൽ നിന്നും കെ.എസ്.ആർ.ടി.സി. ആകെ 7361.41 കോടി രൂപയുടെ വിവിധ വായ്പകൾ എടുത്തിട്ടുണ്ട്. ഈ വായ്പകൾക്ക് 7.75% മുതൽ 16.25% വരെ പലിശ നൽകി വന്നിരുന്നു.<br>കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലാവധിയിലും കെ.എസ്. ആർ.ടി.സി. എടുത്തിരുന്ന വായ്പകൾ, കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലാവധിയിലും ഉള്ള വായ്പയാക്കി പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി, കെ.ടി.ഡി.എഫ്.സി ഉൾപ്പെട്ട ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും പ്രതിമാസം 9.20% പലിശ നിരക്കിലും 20 വർഷത്തെ തിരിച്ചടവ് കാലാവധിയിലും, 31.03.2018-ൽ, 3100 കോടി രൂപ വായ്പ കെ.എസ്.ആർ.ടി.സി. എടുത്തിരുന്നു. ടി വായ്പയിൽ, 31.05.2019 തീയതി പ്രകാരം, 145 കോടി രൂപ കെ.ടി.ഡി.എഫ്.സി.ക്ക് കെ.എസ്.ആർ.ടി.സി. തിരിച്ച് നൽകുവാനുണ്ട്.<br>കെ.ടി.ഡി.എഫ്.സി.യിൽ നിന്നും കെ.എസ്.ആർ.ടി.സി. മുൻകാലങ്ങളിൽ എടുത്തിരുന്ന വായ്പകളുടെ കുടിശ്ശിക സംബന്ധിച്ച് ഇരു സ്ഥാപനങ്ങളുടേയും കണക്കുകളിൽ വ്യത്യാസം ഉള്ളതിനാൽ, ആയത് ചാർട്ടേർഡ് അക്കൗണ്ടൻസി സ്ഥാപനമായ M/s. വർമ്മ & വർമ്മ മുഖേന |
| (ബി) | എത്ര ശതമാനം പലിശയാണ് ഈ ഇനത്തിൽ കെ.എസ്.ആർ.ടി.സി. യിൽ നിന്നും ഈടാക്കിയിട്ടുള്ളത് എന്നും നിലവിൽ തിരിച്ചടക്കേണ്ട തുക എത്ര എന്നും അറിയിക്കാമോ | | |

<table>
<tr>
<td></td>
<td></td>
<td></td>
<td>റീക്കൺസീലിയേറ്റ് ചെയ്യാൻ കെ.എസ്.ആർ.ടി.സി.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൺസോർഷ്യം വായ്പ ഒഴികെയുള്ള വായ്പകളുടെ നിലവിലെ കുടിശ്ശിക സംബന്ധിച്ച് കെ.ടി.ഡി.എഫ്.സി.യുടെ കണക്കുകൾ ചുവടെ കാണാവുന്നതാണ്.
<table>
<tr><th>വായ്പാ ഇനം</th><th>മുതൽ ഇനത്തിൽ ശേഷിക്കുന്ന തുക (കോടി രൂപയിൽ)</th><th>പലിശ ഇനത്തിലെ കുടിശ്ശിക തുക (കോടി രൂപയിൽ)</th></tr>
<tr><td>ഹ്രസ്വകാല വായ്പ</td><td>332.37</td><td>26.56</td></tr>
<tr><td>ദീർഘകാല വായ്പ</td><td>121</td><td>16.17</td></tr>
</table>
ടി 332.37 കോടി രൂപ, 121 കോടി രൂപ എന്നീ വായ്പകളുടെ മുതൽ, പലിശ ഇനങ്ങളിൽ യാതൊരു തുകയും കെ.ടി.ഡി.എഫ്.സി.യ്ക്ക് നൽകാൻ കെ.എസ്.ആർ.ടി.സി.യ്ക്ക് സാധിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി., കെ.ടി.ഡി.എഫ്.സി.യിൽ നിന്നെടുത്തിട്ടുള്ള വായ്പകളുടെ പലിശയിനത്തിൽ നൽകാനുണ്ടായിരുന്ന 33.93 കോടി രൂപ, 2018 ഒക്ടോബർ മാസം, സർക്കാർ നേരിട്ട് കെ.ടി.ഡി.എഫ്.സി.യ്ക്ക് നൽകിയിരുന്നു.</td>
</tr>
<tr>
<td>(സി)</td>
<td>കെ.എസ്.ആർ.ടി.സി..യുടെ ബിസിനസ് മാറ്റിനിർത്തിയാൽ കെ.റ്റി.ഡി.എഫ്.സി ലാഭത്തിൽ ആണോ എന്നും എങ്കിൽ എത്ര ലാഭമുണ്ട് എന്നും വെളിപ്പെടുത്താമോ?</td>
<td>(സി)</td>
<td>കെ.എസ്.ആർ.ടി.സി.യുടെ നടത്തിപ്പിന് വേണ്ടിയുള്ള ധനസമാഹരണത്തിനു വേണ്ടി സ്ഥാപിതമായ ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനമാണ് കെ.ടി.ഡി.എഫ്.സി. ആയതിനാൽ തന്നെ കെ.ടി.ഡി.എഫ്.സി.യുടെ വരുമാനത്തിന്റെ ഏതാണ്ട് 90 ശതമാനവും കെ.എസ്.ആർ.ടി.സി.യിൽ നിന്നും ലഭിക്കുന്നതാണ്. ആയതിനാൽ ടി വരുമാനം മാറ്റി നിറുത്തിയാൽ കെ.ടി.ഡി.എഫ്.സി നഷ്ടത്തിലാണ്.</td>
</tr>
</table>

**സെക്ഷൻ ഓഫീസർ**